**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **01-03-2023 - ൽ മറുപടിയ്ക്ക്**

**തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ട അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2019-20 ൽ തസ്തിക അനുവദിച്ച് തുടർന്നുവന്നതും ഈ അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടതുമായ എത്ര അദ്ധ്യാപക തസ്തികകളുണ്ടെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ ക്രമത്തിൽ ജില്ല തിരിച്ച് വിശദമാക്കുമോ; | (എ) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്നും നഷ്ടപ്പെട്ട തസ്തികകളുടെ എണ്ണം സമന്വയയിൽ നിന്നും ലഭ്യമായത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തസ്തിക നിർണ്ണയത്തിലൂടെ തൊഴിൽ നഷ്ടമാകുന്ന സർക്കാർ അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരെ ജില്ലയിലെ സ്കൂളുകളിൽ ഒറ്റ യൂണിറ്റ് ആയി കണക്കാക്കി തസ്തിക നിലനിൽക്കുന്ന സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റി ജോലി സംരക്ഷിക്കുന്നു. അത്തരത്തിൽ നിലനിർത്താൻ സാധിക്കാത്ത ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് നടപ്പ് അദ്ധ്യയന വർഷം നിലനിർത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | തസ്തിക നിർണ്ണയത്തിലൂടെ തൊഴിൽ നഷ്ടമാകുന്ന എയ്ഡഡ് മേഖലയിലുള്ള അദ്ധ്യാപകരുടെ സംരക്ഷണം ഏത് രീതിയിൽ ഉറപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | തസ്തിക നഷ്ടമാകുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ സംരക്ഷണ ആനുകൂല്യം ഉള്ളവർക്ക് ചട്ടപ്രകാരം സംരക്ഷണം അനുവദിച്ച് പുനർവിന്യസിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തസ്തിക നഷ്ടമാകുന്ന അദ്ധ്യാപകരെ മാനേജ്മെന്റ് ഒറ്റ യൂണിറ്റായി കണക്കാക്കി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് നിലനിർത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സർക്കാർ മേഖല

| ജില്ല | എൽ.പി. വിഭാഗം | യു.പി. വിഭാഗം | ഹൈസ്കൂൾ വിഭാഗം | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 84 | 58 | 77 | 219 |
| കൊല്ലം | 47 | 45 | 53 | 145 |
| പത്തനംതിട്ട | 2 | 9 | 10 | 21 |
| ആലപ്പുഴ | 18 | 27 | 13 | 58 |
| കോട്ടയം | 8 | 9 | 23 | 40 |
| ഇടുക്കി | 6 | 7 | 11 | 24 |
| എറണാകുളം | 26 | 45 | 19 | 90 |
| തൃശ്ശൂർ | 18 | 19 | 49 | 86 |
| പാലക്കാട് | 52 | 36 | 28 | 116 |
| മലപ്പുറം | 68 | 64 | 126 | 258 |
| കോഴിക്കോട് | 60 | 44 | 120 | 224 |
| വയനാട് | 20 | 15 | 44 | 79 |
| കണ്ണൂർ | 38 | 34 | 63 | 135 |
| കാസറഗോഡ് | 41 | 20 | 44 | 105 |
| **ആകെ** | **488** | **432** | **680** | **1600** |

## എയ്ഡഡ് മേഖല

| ജില്ല | എൽ.പി. വിഭാഗം | യു.പി. വിഭാഗം | ഹൈസ്കൂൾ വിഭാഗം | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 30 | 86 | 123 | 239 |
| കൊല്ലം | 48 | 100 | 112 | 260 |
| പത്തനംതിട്ട | 15 | 41 | 83 | 139 |
| ആലപ്പുഴ | 34 | 60 | 115 | 209 |
| കോട്ടയം | 34 | 72 | 91 | 197 |
| ഇടുക്കി | 19 | 19 | 10 | 48 |
| എറണാകുളം | 41 | 86 | 72 | 199 |
| തൃശ്ശൂർ | 77 | 79 | 77 | 233 |
| പാലക്കാട് | 84 | 103 | 85 | 272 |
| മലപ്പുറം | 86 | 87 | 147 | 320 |
| കോഴിക്കോട് | 139 | 111 | 90 | 340 |
| വയനാട് | 8 | 17 | 12 | 37 |
| കണ്ണൂർ | 162 | 165 | 60 | 387 |
| കാസറഗോഡ് | 12 | 20 | 22 | 54 |
| **ആകെ** | **789** | **1046** | **1099** | **2934** |